സംസ്ഥാന സർവ്വകലാശാലകളിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് 24-6-2021-ലെ ജി.ഒ(പി) നം. 87/2021/ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം പെൻഷൻ ബാധ്യത സർവ്വകലാശാലകളുടെ തനത് ഫണ്ടിൽനിന്നും നിറവേറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വ്യവസ്ഥ സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രതയേയും അക്കാദമിക പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കുന്നതിനേയും ദോഷകരമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്; സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകൾ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രതിനിധികളുമായി നടത്തിയ അവലോകന യോഗത്തിൽ സർവ്വകലാശാലകളിൽ വിവിധ അക്കൗണ്ടുകളിൽ പെൻഷൻ നൽകുന്ന ആവശ്യത്തിലേയ്ക്കായി മതിയായ തുക നീക്കിയിരിപ്പുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നൽകിയ രേഖകളിൽനിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിർദ്ദേശം പുറപ്പെടുവിച്ചത്. തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) സർവ്വകലാശാലകളുടെ അക്കാദമിക നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനായി പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യത്തിൽ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനസൗകര്യ വികസനം

12 (*102) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. വിജിൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സർക്കാർ കോളേജുകളുടെയും അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

2016-17 വർഷത്തിലെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 186-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13-11-2017-ലെ സ.ഉ (കൈ) നം. 285/17/ഉ.വി.വ പ്രകാരം 48 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും വകയിരുത്തുകയുണ്ടായി. മാത്രമല്ല പുതിയതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും പുതിയതായി ആരംഭിച്ച കോളേജുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ കേരള സർവ്വകലാശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 43.52 കോടി രൂപയും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 50.28 കോടി രൂപയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 77.93 കോടി രൂപയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 40.43 കോടി രൂപയും കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, CUSAT-നെ അക്കാദമിക് ആന്റ് റിസർച്ചിലെ മികവിനുള്ള അന്താരാഷ്ട്ര കേന്ദ്രമായി വികസിപ്പിക്കുന്നതിനായി 91.6 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. KITE, KSITIL, KITCO Ltd, RBDCK തുടങ്ങിയ SPV- കൾ മുഖാന്തരം നടപ്പിലാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കിഫ്ബി പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവ്വകലാശാല, കോളേജ് തലങ്ങളിൽ ഓൺലൈൻ പഠന സംവിധാനം ഒരുക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയക്രമങ്ങളിൽ ഓൺലൈൻ പഠന സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ക്ലാസുകൾ നടത്തുകയും ആവശ്യമായ പഠന സഹായികളും നോട്ടുകളും പി.ഡി.എഫ്. രൂപത്തിൽ നൽകുന്നുമുണ്ട്. കുട്ടികളുടെ എണ്ണം, പാഠ്യവിഷയം എന്നിവ പരിഗണിച്ച് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ക്ലാസുകൾ നടന്നുവരുന്നു. കോളേജ് കൗൺസിലുകളുടെ നേതൃത്വത്തിൽ കൃത്യമായ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇടവേളകളിൽ ഓൺലൈൻ ക്ലാസുകളുടെ അവലോകനവും നടത്തിവരുന്നു. ഇതോടൊപ്പം ഓൺലൈൻ മാധ്യമത്തിലൂടെ പഠനം മുന്നോട്ട് കൊണ്ടു പോകുന്നതിനായി ഒരു ഏകീകൃത സംവിധാനമായ എൽ.എം.എസ്. (Learning Management System) സംസ്ഥാനമൊട്ടാകെ 'Let's Go Digital' എന്ന പദ്ധതിയായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടായിരത്തോളം യൂണിവേഴ്സിറ്റി/കോളേജ് അധ്യാപകർക്ക് ഒരു പരിശീലന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

(സി) ദേശീയ-അന്തർദ്ദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിൽ ഡിജിറ്റൽ ലൈബ്രറി സംവിധാനം സർവ്വകലാശാലകളിലും കോളേജുകളിലും ഏർപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം പരിഗണിച്ച് ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ദേശീയ അന്തർദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ സർവ്വകലാശാല/കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ് വർക്ക് സംവിധാനമായ Kerala Academic Libraries Network (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉള്ള ലൈബ്രറികളുടെ നെറ്റ്‌വർക്കിലൂടെ മറ്റ് ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ഇതിലൂടെ സാധിക്കും. മഹാത്മാ ഗാന്ധി സർവ്വകലാശാല ലൈബ്രറിയിലുള്ള ഏഴായിരത്തിലധികം വരുന്ന ഓൺലൈൻ ദേശീയ-അന്തർദേശീയ ജേർണലുകൾ, ലൈബ്രറി ഉപഭോക്താക്കൾക്ക് മുഴുവൻ സമയവും ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എൽ.ബി.എസ്. സെന്ററിന് കീഴിൽവരുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിലും AICTE-യുടെ സഹായത്തോടെ ഡിജിറ്റൽ ലൈബ്രറി വഴി വെബ് ഓഫ് സയൻസ് എന്ന ജേണൽ പ്ലാറ്റ് ഫോം ലഭ്യമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഭൂരിഭാഗം എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നിലവിൽ ഡിജിറ്റൽ ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാണ്. ആയത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രീകൃത ഡിജിറ്റൽ ലൈബ്രറി സിസ്റ്റം ഒരുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും AICTE നിഷ്കർഷിക്കുന്ന അന്തർദേശീയ നിലവാരമുള്ള ഇ-ജേണലുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി എല്ലാവർഷവും നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ ലൈബ്രറികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly